**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മലപ്പുറം മുനിസിപ്പാലിറ്റിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണാനുമതി നൽകിയതിൽ കണ്ടെത്തിയ ക്രമക്കേട് - ശ്രീ.കെ.റ്റി.ജെയിംസ്, സെക്രട്ടറിക്ക് (റിട്ടയേർഡ്) എതിരെ ആരംഭിച്ച അച്ചടക്കനടപടി - തുടർനടപടി ഒഴിവാക്കി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ.) നം. 2146/2021/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/10/2021

പരാമർശം :-

1) 15.07.2015 ലെ ടൗൺ പ്ലാനർ (വിജിലൻസ്) -ന്റെ CTP Vig 529/2015 നമ്പർ റിപ്പോർട്ട്.
2) 24.06.2016 തീയതിയിൽ. ശ്രീ.കെ.റ്റി.ജെയിംസിന് നൽകിയ കുറ്റാരോപണ മെമ്മോ.
3) 01/05/2020 തീയതിയിൽ ശ്രീ.കെ.റ്റി.ജെയിംസിന് നൽകിയ കാരണം കാണിക്കൽ നോട്ടീസ്
4) നഗരകാര്യ ഡയറക്ടറുടെ 26/09/2016, 03/07/2017 & 27/11/2020 എന്നീ തീയതികളിലെ V2-15190/16 നമ്പർ കത്ത്.
5) കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 24/03/2021 തീയതിയിലെ അന്വേഷണ റിപ്പോർട്ട്
6) നഗരകാര്യ ഡയറക്ടറുടെ 30/07/2021 തീയതിയിലെ വി2-15190/16 നമ്പർ കത്ത്.

**ഉത്തരവ്**

സി.റ്റി.പി (വിജിലൻസ്) മലപ്പുറം മുനിസിപ്പാലിറ്റിയിൽ 25.06.2015 ൽ നടത്തിയ മിന്നൽ പരിശോധനയിൽ, കെട്ടിട നിർമ്മാണാനുമതി നൽകിയതിൽ മലപ്പുറം നഗരസഭയിലെ മേൽമുറി വില്ലേജിൽ സർവ്വേ നമ്പർ 376/2 എ, 377/1 -ൽ ശ്രീ സക്കീർ ഹുസൈൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് പെർമിറ്റ്, ഒക്യുപ്പൻസി അനുവദിച്ചതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ.കെ.റ്റി.ജെയിംസിന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ എഞ്ചിനീയർ സ്ഥാപനം തുടങ്ങുന്നതിന്റെ മുമ്പ് എൻ.ഒ.സി ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണെന്നും, ഈ വ്യവസ്ഥയിൽ ഒക്യുപ്പൻസി അനുവദിക്കാവുന്നതാണോ എന്ന് ചോദ്യം ഉന്നയിക്കുകയും മേൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒക്യുപ്പൻസി അനുവദിക്കാവുന്നതാണെന്ന് സെക്രട്ടറിയായിരുന്ന ശ്രീ കെ.റ്റി. ജെയിംസ് 31.01.2011 -ൽ ഉത്തരവ് നൽകിയതായാണ് കാണുന്നതെന്നും പരാമർശം (4) ലെ 03/07/2017 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

ശ്രീ.കെ.റ്റി.ജെയിംസ് 30.06.2017 ൽ സർവീസിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനം എടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിനുള്ള ടിയാന്റെ മറുപടി നഗരകാര്യ ഡയറക്ടറുടെ റിപ്പോട്ട് സഹിതം പരാമർശം (5) ലെ 27.11.2020 ലെ കത്ത് മുഖേന ലഭ്യമാക്കിയിരുന്നു. ടി മറുപടിയിൽ തന്റെ പെൻഷനിൽ നിന്നും 500 രൂപ കുറവ് ചെയ്യുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണമെന്നും നേരിൽ ഹാജരായി വിശദീകരണം നൽകുവാൻ സാധിക്കാത്തതിനാൽ ടിയാന്റെ അപേക്ഷ സ്വീകരിച്ച് അന്തിമ ഉത്തരവ് നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. ടിയാന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (5) പ്രകാരമുള്ള കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കുറ്റാരോപിതനായ ശ്രീ.കെ.റ്റി.ജെയിംസ് 04/03/2021 ന് നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ നേരിൽ ഹാജരായി മൊഴി നൽകിയിരുന്നു. മലപ്പുറം നഗരസഭയിലെ മേൽ മുറി വില്ലേജിൽ സർവ്വെ നമ്പർ 376/2 എ, 377/1 ൽപ്പെട്ട സ്ഥലത്ത് ശ്രീ.സക്കീർ ഹുസൈൻ എന്നവർക്ക് ബി.എ 54/2010-11 നമ്പർ പ്രകാരം 22/05/2010 ന് കൊമേഴ്സ്യൽ കെട്ടിടത്തിന് ചട്ടം ലംഘിച്ച് നിർമ്മാണ അനുമതി നൽകിയെന്നാണ് തനിക്കെതിരെ ആരോപിക്കപ്പെട്ടിരുന്നത് എന്നും വസ്തുതാപരമായി ടി ആരോപണം ശരിയല്ലെന്നും ടിയാൻ മലപ്പുറം നഗരസഭയിൽ ചാർജ്ജ് എടുക്കുന്ന തീയതിയായ 06/01/2011 ന് മുമ്പ് 22/05/2010 ൽ ആണ് പ്രസ്തുത കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയിരുന്നതെന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ട്. സെക്രട്ടറിയായി ടിയാൻ ചുമതല ഏൽക്കുന്നതിന്റെയും ഏഴ് മാസം മുമ്പാണ് നഗരസഭാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന മുനിസിപ്പൽ എഞ്ചിനീയർ പ്രസ്തുത കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നത് എന്ന് മൊഴി നൽകിയിരുന്നു.

അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന്റെ പെൻഷൻ തുകയിൽ നിന്നും പ്രതിമാസം 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താനുള്ള തീരുമാനം

പുനഃപരിശോധിക്കണമെന്നും, അച്ചടക്കനടപടി നാളിതുവരെ തീർപ്പാക്കാത്ത സാഹചര്യത്തിൽ റിട്ടയർ ചെയ്ത് മൂന്നര വർഷം കഴിഞ്ഞിട്ടും ഡി.സി.ആർ.ജി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഭീമമായ സാമ്പത്തിക നഷ്ടം തനിക്ക് ഇതിനകം വന്ന് കഴിഞ്ഞുവെന്നും ആയതിനാൽ അച്ചടക്കനടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും 500/- രൂപ വീതം പ്രതിമാസ പെൻഷൻ തുകയിൽ നിന്നും 5 വർഷത്തേക്ക് പിടിച്ചുവയ്ക്കുന്നതിനുള്ള തീരുമാനം പൂർണ്ണമായി ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

മലപ്പുറം നഗരസഭയിൽ ബി.എ നമ്പർ 54/10-11 പ്രകാരം ശ്രീ.സക്കീർ ഹുസൈൻ എന്നവർക്ക് ബിൽഡിംഗ് പെർമിറ്റ് നൽകുന്ന 22/05/2010 ന് ശ്രീ.കെ.റ്റി.ജെയിംസ് നഗരസഭാ സെക്രട്ടറിയായി ചുമതലയേറ്റിരുന്നില്ലെന്നും ടിയാൻ മലപ്പുറം നഗരസഭയിൽ സെക്രട്ടറിയായി ചുമതല ഏൽക്കുന്നത് 06/01/2011 ന് മാത്രമാണെന്നുള്ള ടിയാന്റെ വാദം ശരിയാണെന്നും എന്നാൽ പ്രസ്തുത കെട്ടിടത്തിന് ഒക്യൂപ്പൻസി അനുവദിക്കുന്ന സമയത്ത് നഗരസഭാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് ശ്രീ.കെ.റ്റി.ജെയിംസ് ആണെന്നും ജോയിന്റ് ഡയറക്ടറുടെ മുൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ഫൈനൽ ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് മുമ്പ് ഉപാധികളോടെ ഒക്യൂപ്പൻസി നൽകുകയും (സ്ഥാപനം പ്രവർത്തനം തുടങ്ങുന്നതിന് മുമ്പായി കെട്ടിട ഉടമ ഫയർ എൻ.ഒ.സി ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ) എന്നാൽ ഫയർ എൻ.ഒ.സി യഥാസമയം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്ന വിഷയത്തിൽ നഗരസഭക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഒക്യൂപ്പൻസി അനുവദിക്കുന്ന വേളയിൽ ഫൈനൽ ഫയർ എൻ.ഒ.സി ലഭ്യമാക്കിയിരുന്നില്ല എന്നും ഉപാധികളോടെ ഒക്യൂപ്പൻസി അനുവദിച്ച നഗരസഭാ സെക്രട്ടറിയുടെ നടപടിയിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടറുടെ മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

മലപ്പുറം നഗരസഭയിലെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 10/05/2011 ൽ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂ സർവ്വീസ് മലപ്പുറം അനുവദിച്ച് നൽകിയ ഫയർ എൻ.ഒ.സി യുടെ പകർപ്പ് ഫയലിൽ കാണാനായിട്ടുണ്ട് എന്നും ആയത് 30/11/2015 നാണ് നഗരസഭയിൽ ലഭിച്ചതെന്നും മേൽ വസ്തുതകളിൽ നിന്നും ബി.എ 54/10-11 നമ്പറായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് ശ്രീ.കെ.റ്റി.ജെയിംസ് സെക്രട്ടറിയായി ചാർജ്ജ് എടുക്കുന്നതിന് മുമ്പാണ് എന്നും, എന്നാൽ ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത് ശ്രീ.കെ.റ്റി.ജെയിംസ് സെക്രട്ടറിയുടെ കാലയളവിലാണെന്നും വ്യക്തമാണെന്നും പരാമർശം (5) ലെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

ശ്രീ.കെ.റ്റി.ജെയിംസിന്റെ പ്രതിവാദ പത്രികയിലെ വിശദീകരണവും, മൊഴിയും കണക്കിലെടുത്തും ടിയാൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു എന്ന വസ്തുത കണക്കിലെടുത്തും ഉപാധികളോടെ ഒക്യൂപ്പൻസി അനുവദിച്ചതിൽ വീഴ്ച ഉണ്ടായെങ്കിലും പിന്നീട് ഫൈനൽ ഫയർ എൻ.ഒ.സി ലഭ്യമാക്കിയത് കണക്കിലെടുത്ത് ടിയാന്റെ പേരിലുള്ള അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണ് എന്നും പരാമർശം (5) ലെ അന്വേഷണ റിപ്പോർട്ടിൽ റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ

പരിഗണനയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.റ്റി.ജെയിംസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.1178/19 ലെ 29.07.2019 ലെ ഉത്തരവിൽ ടിയാനെതിരായ അച്ചടക്ക നടപടി 3 മാസത്തിനകം തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അച്ചടക്ക നടപടി തീർപ്പാക്കി, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രീ.കെ.റ്റി.ജെയിംസ് CP (C) 149/2020 ഫയൽ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.കെ.റ്റി.ജെയിംസിന്റെ പ്രതിവാദ പത്രികയിലെ വിശദീകരണം കണക്കിലെടുത്തും ടിയാൻ ഉപാധികളോടെ ഒക്യൂപ്പൻസി അനുവദിച്ചതിൽ വീഴ്ച ഉണ്ടായെങ്കിലും പിന്നീട് ഫൈനൽ ഫയർ എൻ.ഒ.സി ലഭ്യമാക്കിയത് പരിഗണിച്ചും 30.06.2017 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു എന്ന വസ്തുത കണക്കിലെടുത്തും ടിയാന്റെ പേരിലുള്ള അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണ് എന്നുമുള്ള പരാമർശം (5) ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.റ്റി.ജെയിംസിനെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർ നടപടി ഒഴിവാക്കി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് .

ശ്രീ .കെ.റ്റി.ജെയിംസ്, മുൻ സെക്രട്ടറി, മലപ്പുറം മുനിസിപ്പാലിറ്റി

(നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.